**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3492** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഫാറൂഖ് കോളേജിന്റെ കൈവശമുണ്ടായിരുന്ന ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, കുഴുപ്പിള്ളി വില്ലേജുകളിൽ ഫാറൂഖ് കോളേജിന്റെ കൈവശം ഉള്ളതും ഉണ്ടായിരുന്നതുമായ വസ്തുവകകൾ എത്രയെന്നും ഏതെല്ലാം സർവ്വേ നമ്പറുകളിലാണുള്ളതെന്നും ഏതെല്ലാം ആധാരപ്രകാരമാണ് പ്രസ്തുത വസ്തുവകകൾ ആർജ്ജിച്ചതെന്നും വ്യക്തമാക്കാമോ; കടൽ എടുത്തശേഷം ഫാറൂഖ് കോളേജിന്റെ കൈവശം അവശേഷിച്ച ഭൂമി എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | ഇടപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിലെ 2115/1950-ാം നമ്പർ ദാനാധാര പ്രകാരം 404.76 ഏക്കർ പണ്ടാര വക വെറിമ്പാട്ടമായി കിടന്ന വസ്തു മുഹമ്മദ് സിദ്ധിഖ് സേട്ട് ഫാറൂഖ് കോളേജിന് കൈമാറിയിട്ടുള്ളതും 609-ാം നമ്പർ പട്ടയ പ്രകാരം ഫാറൂഖ് കോളേജിന്റെ പൂർണ്ണ കൈവശത്തിൽ വന്നു ചേർന്നിട്ടുള്ളതുമാണ്. കുഴുപ്പിള്ളി വില്ലേജിൽ പഴയ സർവ്വെ നമ്പർ 18/1ൽ ഉൾപ്പെട്ടുവരുന്നതും, നിലവിൽ പുതിയ സർവ്വെ നമ്പർ 11 മുതൽ 28 വരെയും 195 മുതൽ 218/15 വരെയും ഉൾപ്പെടുന്നതുമാണ്. കടലെടുത്ത ശേഷമുള്ള കൈവശ വിസ്തീർണ്ണം തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്. |
| (ബി) | പ്രസ്തുത ഭൂമിയിൽ നിന്നും ഫാറൂഖ് കോളേജ് ആർക്കെല്ലാം വസ്തു വില്പന നടത്തിയിട്ടുണ്ടെന്നും എത്ര സെന്റ് വീതമെന്നും, ഏതെല്ലാം ആധാരപ്രകാരമെന്നും വിശദമാക്കാമോ; | (ബി) | ഏകദേശം 450 ഓളം കുടുംബങ്ങൾക്ക് വസ്തു കൈമാറിയിട്ടുള്ളതായി അറിയുന്നു. കൈമാറ്റാധാരങ്ങൾ ലഭ്യമല്ലാത്തതിനാൽ കൈമാറിയ വസ്തുവിന്റെ വിസ്തീർണ്ണം തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ലാത്തതാണ്. |
| (സി) | ഫാറൂഖ് കോളേജിന്റെ കൈവശമുണ്ടായിരുന്ന ഭൂമി ഫാറൂഖ് കോളേജിന് ദാനമായി ലഭിച്ചതാണെന്ന് കോടതി വിധികൾ ഉണ്ടോ; ഉണ്ടെങ്കിൽ കോടതിവിധി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഫാറൂഖ് കോളേജിന്റെ കൈവശമുണ്ടായിരുന്ന ഭൂമി ഫാറൂഖ് കോളേജിന് ദാനമായി ലഭിച്ചതാണെന്ന് കോടതി വിധികളൊന്നും ഉണ്ടായിട്ടില്ല. 2115/1950-ാം നമ്പർ ആധാര രേഖകൾ പരിശോധിച്ചതിൽ ടി വസ്തു വഖഫാണെന്നും, വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്നും വഖഫ് ബോർഡ് കണ്ടെത്തി. 1995-ലെ വഖഫ് നിയമം 36-ാം വകുപ്പ് പ്രകാരം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും വസ്തു വിവരങ്ങൾ 1995-ലെ വഖഫ് നിയമം 37-ാം വകുപ്പ് പ്രകാരം വഖഫ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളതുമാണ് എന്ന് വഖഫ് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ